**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4451** **19-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയംതൊഴിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി സ്വയംതൊഴിൽ പരിശീലനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി ബിസ്സിനെസ്സിന്റെ മുഖ്യ ധാരയിൽ കൊണ്ട് വരുന്നതിലേക്കായി സ്റ്റാർട്ട് അപ്പ് ഡ്രീംസ് പദ്ധതി നടപ്പിലാക്കി വരുന്നു . പട്ടിക വർഗക്കാർക്ക് നൈപുണ്യ പരിശീലനത്തിലൂടെ സ്വയം തൊഴിൽ പ്രാപ്തമാക്കുന്നതിനായി വിവിധ മേഖലകളിൽ നൈപുണ്യ പരിശീലനങ്ങൾ വകുപ്പ് നടത്തി വരുന്നു . കൂടാതെ പട്ടിക വിഭാഗത്തിലുള്ള യുവജനങ്ങളെ ഒരേ സമയം തൊഴിൽ സംരംഭകരും തൊഴിൽ ദാതാക്കളുമാക്കുന്നതിനായി എംപവർമെൻറ് സൊസൈറ്റികൾ രൂപീകരിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട് . അതിന്റെ നടപടികൾ പുരോഗമിച്ചു വരികയാണ് |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ നടപ്പാക്കുന്ന അംബേദ്കർ ഗ്രാമ പദ്ധതിയിൽ സ്വയംതൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് പ്രത്യേക തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | പട്ടികജാതി പട്ടികവർഗ കോളനികളിൽ നടപ്പാക്കുന്ന അംബേദ്കർ ഗ്രാമ പദ്ധതിയിൽ തെരഞ്ഞെടുക്കുന്ന ഓരോ കോളനിക്കും ഒരു കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. സ്വയം തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനു പ്രത്യേക തുക അനുവദിക്കുന്നത് നിലവിൽ തീരുമാനങ്ങൾ എടുത്തിട്ടില്ല |

സെക്ഷൻ ഓഫീസർ